# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 827 — 29/09/2016 -ൽ മറുപടിക്ക്

## സ്കൂളുകളിലെ കുട്ടികളുടെ പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | പ്രൊ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ദേശീയ സ്കൂൾമേളയിലും മറ്റും കേരളത്തിന്റെ യശ്ശസുയർത്തിയ സ്കൂളുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | ലോക സ്കൂൾ അതലറ്റിക് മീറ്റിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടി, കേരളത്തിന്റെ യശസ്സ് ഉയർത്തിയ കായിക പ്രതിഭകൾക്ക് പാരിതോഷികം നൽകുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ദേശീയ സ്കൂൾ മേളയിലും മറ്റും കേരളത്തിന്റെ യശ്ശസുയർത്തിയ സ്കൂളുകൾക്ക് സഹായങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | പ്രസ്തുത സ്കൂളുകൾ പലതും സർക്കാരിന്റെ സഹായം കൂടാതെയാണ് പരിശീലനം നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ടി സ്കൂളുകളിലെ കുട്ടികളുടെ പരിശീലനത്തിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ